**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.324 04.06.2018 ൽ മറുപടിക്ക്

## ബേഡഡുക്ക സി.എച്ച്.സി.

| ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക സി.എച്ച്.സി. യിൽ സി.എച്ച്.സി. പാറ്റേണിലുള്ള തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ബേഡഡുക്ക സി.എച്ച്.സി. യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേണിലുള്ള തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മേൽ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ പ്രൊപ്പോസലിൽ (1-14101/2017/Dated 23/3/18) എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | കാസർഗോഡ് താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ബേഡഡുക്ക സി.എച്ച്.സി. യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (സി) & (ഡി) | നിലവിൽ പദവി ഉയർത്തുക എന്നതല്ല നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടേയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.കളുടെ പദവി ഉയർത്തി താലൂക്ക് ആശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ രോഗീസൗഹൃദമാക്കുന്നതിനും പ്രദേശത്താകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനം ആക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

CHC Bedadka

| Sl. No | Category / Designation | Sanctioned Post | In Position | Vacant |
|---|---|---|---|---|
| 1 | Driver | 1 | 1 | |
| 2 | Health Inspector | 2 | 1 | 1 |
| 3 | Hospital Attendent Gr. I | 1 | 1 | |
| 4 | Hospital Attendent Gr.II | 2 | 2 | |
| 5 | JHI Gr. I | 3 | 3 | |
| 6 | JHI Gr. II | 4 | 3 | 1 |
| 7 | JPHN Gr I | 4 | 4 | |
| 8 | JPHN Gr II | 4 | 3 | 1 |
| 9 | Lab. Technician | 1 | 1 | |
| 10 | Lady Health Inspector | 2 | 1 | 1 |
| 11 | Clerk/Senior Clerk | 1 | 1 | |
| 12 | Nursing Asst. | 2 | 2 | |
| 13 | Ophthalmic Asst. | 1 | 1 | |
| 14 | Part time sweeper/ ~~cleaner~~ | 1 | 0 | 1 |
| 15 | Office Attendant | 1 | 1 | |
| 16 | Pharmacist | 1 | 1 | |
| 17 | Staff Nurse Gr I | 1 | 1 | |
| 18 | Staff Nurse Gr II | 0 | 0 | |
| 19 | Asst.Surgeon | 3 | 0 | 3 |
| | Total | 35 | 27 | 8 |

സെക്ഷൻ ഓഫീസർ